കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# തെങ്കര ഗ്രാമ പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2016-17 സാമ്പത്തിക വർഷം

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം
## പാലക്കാട്

**e-mail:dopkd.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി9/1714/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്, തീയതി – 01.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തെങ്കര ഗ്രാമ പഞ്ചായത്ത്
സർ,

വിഷയം :തെങ്കര ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 1, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തെങ്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).
റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി9/1714/2017 തീയതി-01.11.2017

## പാലക്കാട് ജില്ലയിലെ തെങ്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4), 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **-** വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ തെങ്കര ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.7.2016 മുതൽ 28.6.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 4 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ എൻ.വാസുദേവൻ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17-6-2017 മുതൽ 27-6-2017വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | കെജി.റോബർട്ട് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | പി രമാദേവി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | എം.ശിവപ്രസാദ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | കെ. സാവിത്രി | 01-4-2016 മുതൽ 31-03-2017 വരെ |
| സെക്രട്ടറി | വി.മോഹനദാസൻ | 01-04-2016 മുതൽ 29-07-2017 FN വരെ |
| | റിമോള.എം | 29-07-2017 AN മുതൽ 08-09-2017 വരെ |
| | വി.ആർ ഭാസ്ക്കരൻ | 09-09-2017മുതൽ 31-03-2017 |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.അബ്ദുൾഅസ്സീസ് | 01-4-2016 മുതൽ 31-03-2017 വരെ |
| പ്രധാനാദ്ധ്യാപകൻ | ശ്രീ.എം.വിജയരാഘവൻ | 01-4-2016 മുതൽ 31-03-2017 വരെ |
| വി ഇ ഒ | ശ്രീ.അബ്ദുൾ ഗഫൂർ | 01-4-2016 മുതൽ 31-03-2017 വരെ |
| ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ | ശ്രീമതി.വിജയലക്ഷമി | 01-4-2016 മുതൽ 31-03-2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. റിമോള എം. | 01-4-2016 മുതൽ 31-12-2016 വരെ vacant (1.1.17 മുതൽ 26.2.17 വരെ) |
| | ശ്രീ. സുനിൽകുമാർ.എം | 27-02-2017മുതൽ 31-03-2017 വരെ |
| മെഡിക്കലാഫീസർ PHC | Dr. അമൃത | 01-4-2016 മുതൽ 31-03-2017 വരെ |
| മെഡിക്കലാഫീസർ (ആയുർവ്വേദം) | ഡോ. ഷിബു | 01-4-2016 മുതൽ 31-03-2017 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ. സാജിത പി.എം | 01-4-2016 മുതൽ 31-03-2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ഗിരിജ.പി | 01-4-2016 മുതൽ 10-03-2017 വരെ |
| | ശ്രീ.ശശീന്ദ്രൻ.കെ.എൻ | 11-3-2017 മുതൽ 31-03-2017 വരെ |

| | | |
|---|---|---|
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ദിവ്യ | 01-4-2016 മുതൽ 31-03-2017 വരെ |

# ഉള്ളടക്കം

## ഭാഗം 1

## ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |

## ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | തൊഴിൽനികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 2(1) |
| 2 | പഞ്ചായത്ത് റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ | 2(2) |
| 3 | ഡി & ഒ ലൈസൻസ് -അപേക്ഷകളിൽ സ്ഥല പരിശോധന നടത്തുന്നില്ല | 2(3) |
| 4 | ദുരിതാശ്വാസനിധി | 2(4) |
| 5 | വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല | 2(5) |
| 6 | ടെൻഡർ നടപടികളിലെ പൊതു അപാകതകൾ | 2(6) |

## ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങൽ - പ്രൊജക്ടിലെ അപാകതകൾ | 3(1) |
| 2 | കന്നുകുട്ടിപരിപാലനം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3(2) |
| 3 | ഐ.എ.വൈ.വിഹിതം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3(3) |

| | | |
|---|---|---|
| 4 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ - ജില്ല, ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ ലഭ്യമാക്കിയില്ല. | 3(4) |
| 5 | അംഗൻവാടികളുടെ ഭൌതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ് | 3(5) |
| 6 | ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതം - ലാബ് റിപ്പോർട്ട്. | 3(6) |
| 7 | തെരുവ് വിളക്കുകളുടെ പരിപാലനം | 3(7) |
| 8 | ക്രൂസിൽ നിന്നും വാങ്ങിയ തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന്റെ രേഖകൾ ഇല്ല. | 3(8) |
| 9 | പൊതുടാപ്പുകളുടെ വെള്ളക്കരം | 3(9) |
| 10 | പദ്ധതി അംഗീകാരം വാങ്ങാതെ തനത് ഫണ്ട് ചെലവഴിച്ചു. | 3(10) |
| 11 | കാളക്കാട് അംഗനവാടി കുടിവെള്ളം ലഭ്യമാകുന്നതിന് അധികം തുക ചെലവഴിച്ചത് | 3(11) |

**ഭാഗം-IV**

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(8) |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) |

# ഭാഗം -1
# പൊതു അവലോകനം
# പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 4.3.2016 തിയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ആയത് പ്രകാരം വരവ് 104341733/ രൂപയും ചെലവ് 101373535/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2017 | 09-06-2017 | -- | -- |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | - | KSA-PKD9/1714/17 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8391099 |
| വരവ് | 45788142 |
| ആകെ | 54179241 |
| ചെലവ് | 43227494 |
| നീക്കിയിരിപ്പ് | 10951747 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | വിനിയോഗിക്കാത്ത തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 13509708 | 13509708 | 8765684 | 4744024 | 64.88 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5666118 | 5666118 | 2063805 | 3602313 | 36.42 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 528906 | 528906 | 246109 | 282797 | 46.53 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 7048698 | 7048698 | 3377051 | 3671647 | 47.91 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 3614097 | 3614097 | 3450356 | 163741 | 95.47 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7576367 | 7576367 | 5334680 | 2241687 | 70.41 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 2924822 | 2924822 | 373818 | 2551004 | 12.78 |
| എം.എൻ.ആർ. ഇ.ജി.എസ്. | 19928 | 28990323 | 29010251 | 28880640 | 129611 | 99.55 |
| ബി ഫണ്ട് | 0 | 40175535 | 40175535 | 40175535 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 149 | 52754081 | 100 | 26222859 | - | 49 | 67.11 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 2405000 | 1260412 | 52.4 |
| വെറ്ററിനറി സർജ്ജൻ | 3 | 3 | 2350000 | 350000 | 14.89 |
| മെഡിക്കൽ ഓഫീസർ-CHC | 8 | 5 | 1172843 | 612599 | 52.23 |
| മെഡിക്കൽ ഓഫീസർ- | 0 | 0 | 0 | 0 | **0** |

| | | | | | |
|---|---|---|---|---|---|
| ഹോമിയോ | | | | | |
| മെഡിക്കൽ ഓഫീസർ-ISM | 4 | 4 | 2075000 | 1974194 | 95.14 |
| വി.ഇ.ഒ - 1 | 6 | 5 | 4602700 | 2665800 | 57.92 |
| എച്ച്.എം | 1 | 1 | 500000 | 500000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5 | 5379130 | 4551483 | 84.61 |
| സെക്രട്ടറി | 16 | 9 | 6070324 | 2269673 | 37.39 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 83 | 60 | 20473084 | 10649098 | 52.01 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 450000 | 450000 | 100 |
| അസി.സെക്രട്ടറി | 17 | 2 | 7276000 | 939600 | 12.91 |
| ആകെ | 149 | 100 | 52754081 | 26222859 | 49.71 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 37.98 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വർദ്ധനവ് | വർദ്ധനവ് ശതമാനം (+) |
|---|---|---|---|---|
| നികുതി വരവുകൾ | 1939638 | 2635351 | 695713 | 35.86%(+) |
| നികുതിയേതര വരവുകൾ | 358859 | 567476 | 208617 | 58.13%(+) |
| മറ്റുവരവുകൾ | 89530 | 92224 | 2694 | 3%(+) |
| ആകെ | 2388027 | 3295051 | 907024 | 37.98%(+) |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാന മെടുത്തവ | തീരുമാനം എടുത്തതിൽ നിരസിച്ചവ |
|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 11 | 3 | 1 |
| 2 | തൊഴിൽ രഹിത വേതനം | 45 | 14 | 31 |
| 3 | വിധവാ പെൻഷൻ | 143 | 73 | 13 |
| 4 | വികലാംഗ പെൻഷൻ | 25 | 12 | 1 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 0 | 0 | 0 |
| 6 | വാർദ്ധക്യകാല പെൻഷൻ | 396 | 23 | 12 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.06.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 40009/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.3.2017 | 1.2.2017 മുതൽ 28.8.2017 | 2.6.2017 |
| അക്കൌണ്ടന്റ് ജനറൽ ഓഡിറ്റ് | 24.2.2014 മുതൽ 25.2.2014 | 2005-06 മുതൽ 2008-09 | 2.6.2017 |

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

<u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 2-1 തൊഴിൽനികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

a) **<u>തൊഴിൽ നികുതി- വ്യാപാര സ്ഥാപനങ്ങൾ റിട്ടേണുകൾ സമർപ്പിക്കുന്നില്ല</u>**

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10, (ഫോം 6) പ്രകാരമുള്ള നോട്ടീസ് വ്യാപാര സ്ഥാപനങ്ങൾക്ക് നൽകുകയോ, വ്യാപാര സ്ഥാപനങ്ങൾ ഫോം 4 ൽ റിട്ടേണുകൾ സമർപ്പിക്കുകയോ ചെയ്യിട്ടില്ല. വ്യാപാരസ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അപേക്ഷയിൽ കാണിക്കുന്ന വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഉടമയിൽ നിന്നു മാത്രമാണ് നികുതി ചുമത്തുന്നത് . ഇക്കാരണത്താൽ ഓരോ സ്ഥാപനത്തിലും എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് പഞ്ചായത്തിന് അറിയാൻ സാധിക്കുന്നില്ല, കൂടാതെ അവരിൽ നിന്നെല്ലാം ലഭ്യമാകുമായിരുന്ന നികുതി തുക നഷ്ടപ്പെടുകയും ചെയ്യുന്നു. വ്യപാരസ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരെയും തൊഴിൽനികുതി പരിധിയിൽ കൊണ്ടുവരുന്നതിന് ഡിമാന്റ് നോട്ടീസ് നൽകി നികുതി ഈടാക്കുവാൻ ശ്രമിക്കേണ്ടതാണ്.

b) സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഏതെങ്കിലും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കുവാൻ വിട്ടുപോയിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുവാൻ കഴിയുന്നില്ല

c) പഞ്ചായത്തിലെ രാജാസ് മെമ്മോറിയൽ സ്കൂളിലെ ജീവനക്കാരിൽ നിന്നും 2016-17 ൽ തൊഴിൽ നികുതി പിരിച്ചിട്ടില്ല. ആയതിന്റെ വിവരം ഡിമാന്റ് രജിസ്റ്ററിൽ ചേർക്കുകയോ കുടിശ്ശികയായി കാണിക്കുകയോ ചെയ്യിട്ടില്ല.

d) പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പെട്രോൾ പമ്പുകൾ, സർവ്വീസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിലെ ജീവനക്കാരിൽ നിന്നോ പഞ്ചായത്ത് പരിധിയിലെ കരാറുകാർ, ചെറുകിട കച്ചവടക്കാർ എന്നിവരിൽ നിന്നോ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

പഞ്ചായത്തിനു ലഭിക്കേണ്ട ഏതൊരു നികുതിയും ഡിമാന്റ് ചെയ്യാത്തിടത്തോളം മൂന്നു വർഷത്തിനു ശേഷം ഈടാക്കാൻ വ്യവസ്ഥയില്ലാത്തതിനാൽ ആയതിൻമേലുണ്ടാകുന്ന നഷ്ടം സെക്രട്ടറിയുടെ ബാധ്യതയായി തീരുന്നതാണ്. ആയതിനാൽ തൊഴിൽ നികുതിയിനത്തിൽ കുടിശ്ശിക ഈടാക്കുന്നതിനും പഞ്ചായത്തിനുണ്ടാകുന്ന വരുമാന നഷ്ടം തടയുന്നതിനുമായി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 പഞ്ചായത്ത് റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

റവന്യൂ വരുമാനം കുറവുള്ള ഗ്രാമപഞ്ചായത്തിന്റെ വരവ് വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിൽ കഴിഞ്ഞ 5 വർഷക്കാലയളവിൽ കാര്യമായ പുരോഗതിയൊന്നും ഉണ്ടായിട്ടില്ല. ആയതിനാൽ നിയമാനുസൃതമായി ഏർപ്പെടുത്താവുന്ന പരസ്യനികുതി, സേവന ഉപനികുതി എന്നിവ ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. **<u>പരസ്യനികുതി</u>**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 (ബി, സി) എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയോ, ഉറപ്പിച്ചു വയ്ക്കുകയോ ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദം ആവശ്യമാണ്. സെക്രട്ടറിയുടെ അനുവാദമില്ലാതെ യാതൊരു തരത്തിലുള്ള പരസ്യങ്ങളും പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ച പരസ്യ ബോർഡുകളുടെ എണ്ണം, വലിപ്പം, ചുവർ പരസ്യങ്ങൾ തുടങ്ങിയവയുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 256-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് ഒരു ബൈലോ തയ്യാറാക്കാവുന്നതാണ്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി/5/15253/04 നമ്പർ സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ പരസ്യ നികുതി ഈടാക്കുന്നതിനു വേണ്ടിയുള്ള മാതൃകാബൈലോ പ്രസിദ്ധീകരിക്കുകയോ പഞ്ചായത്തിൽ ബൈലോ തയ്യാറാക്കി പരസ്യനികുതി ഈടാക്കുകയോ ചെയ്യുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിലെ പരസ്യങ്ങൾക്ക് ചുമത്താവുന്ന നിരക്ക് നിശ്ചയിച്ച് ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുകയും ആയതനുസരിച്ച് പരസ്യനികുതി പിരിച്ചെടുക്കുവാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. **സേവന ഉപനികുതി**

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനനികുതി വസ്തു നികുതിയോടൊപ്പം ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ് -അപേക്ഷകളിൽ സ്ഥല പരിശോധന നടത്തുന്നില്ല

2016-17 ലെ ഡി&ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

ഡി&ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 122 അപേക്ഷകൾ ലഭിച്ചതിൽ 114 എണ്ണത്തിനാണ് ലൈസൻസ് നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നത്. അപേക്ഷകൾ ക്രമരഹിതമായിട്ടാണ് സൂക്ഷിച്ചിരിക്കുന്നത്. പഞ്ചായത്ത് വാർഡുതിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ലൈസൻസില്ലാതെ ഏതെങ്കിലും സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല . പഞ്ചായത്തിലെ മുഴുവൻ വ്യാപാര സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരേണ്ടതാണ്.

10.01.13-ലെ സർക്കുലർ നമ്പർ 66562/ആർ.സി.3/12/ത.സ്വ.ഭ.വ. പ്രകാരം ഹെൽത്ത് ഇൻസ്പെക്ടറുടെ സ്ഥലപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ലാതെ ഡി&ഒ ലൈസൻസുകൾ നൽകാൻ പാടില്ലെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷകളിന്മേലുള്ള സ്ഥല പരിശോധനാ റിപ്പോർട്ടും സെക്രട്ടറിയുടെ തീരുമാനവും രേഖപ്പെടുത്താതെയാണ് ഭൂരിഭാഗം ലൈസൻസുകളും ഓഡിറ്റ് കാലയളവിൽ നൽകിയിട്ടുള്ളത്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്. കേ പ രാ ആക്ട് സെക്ഷൻ 232(1) പ്രകാരം ഗ്രാമ പഞ്ചായത്തു നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്കു വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ല. ഈ വ്യവസ്ഥ പാലിക്കേണ്ടതും, വാർഡു തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ ക്വാറികൾ, വ്യവസായ സ്ഥാപനങ്ങൾ. മറ്റു വ്യാപാര സ്ഥാപനങ്ങൾ മുതലായവ ഗ്രാമപഞ്ചായത്ത് നൽകുന്ന ലൈസൻസോടു കൂടിയാണ് പ്രവർത്തിക്കുന്നതെന്നും ഉറപ്പാക്കേണ്ടതാണ്.

ഡി&ഒ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ 28 കോഴി ഫാമുകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്നതായി കാണുന്നു. ഡി&ഒ ലൈസൻസ് ഫീസിനത്തിൽ തുക ഈടാക്കിയിട്ടുണ്ടെങ്കിലും 2012 ലെ കേരള പഞ്ചായത്ത് രാജ്(ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടം അനുസരിച്ചുള്ള ലൈവ്സ്റ്റോക്ക് ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

സർക്കാർ ഉത്തരവ്(അ)നം.101/2012/തസ്വഭവ തിയതി 13-4-2012 പ്രകാരം പ്രാബല്യത്തിൽ വന്ന 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7(2) ഫോറം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കോഴിഫാമുകൾക്ക് ലൈവ്സ്റ്റോക്ക് ലൈസൻസ് നൽകാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

ഡി & ഒ ലൈസൻസ് അനുവദിക്കുമ്പോൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടുണ്ട് എന്നും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പുകൾ 232, 233, 234 & 254, 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തിയതിനു ശേഷം മാത്രം ലൈസൻസ് അനുവദിക്കേണ്ടതാണ്.

## 2-4 ദുരിതാശ്വാസനിധി

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ, ചട്ടം 3 പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിതനിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി, ഗ്രാമപഞ്ചായത്ത് പ്രസിഡന്ററിന്റെയും, സെക്രട്ടറിയുടെയും പേരിൽ 28.05.16 ന് മണ്ണാർക്കാട് റൂറൽ സർവ്വീസ് സഹകരണ ബാങ്കിൽ (അക്കൗണ്ട് നമ്പർ 001001022230) ഒരു ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ട്. ദുരിതാശ്വാസ നിധിക്ക് സംഭാവന സ്വീകരിക്കുന്നതിനായി 5 രസീതി ബുക്കുകൾ അച്ചടിച്ചിട്ടുണ്ട്. 31.03.17 ന് നീക്കിയിരിപ്പായി 6681 രൂപ ബാങ്കിലുണ്ട്. ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം നിലവിൽ കാര്യക്ഷമമല്ല. പഞ്ചായത്തിലെ ജനങ്ങൾക്ക് അടിയന്തിര സാഹചര്യങ്ങളിൽ ധനസഹായം നൽകുന്നതിനായി ഫണ്ടിനു വേണ്ടി കൂടുതൽ തുക സ്വരൂപിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തേണ്ടതാണ്.

## 2-5 വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല

പഞ്ചായത്തിലെ വസ്തുനികുതിയുടെ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിലെ 2 വാർഡുകൾ മുൻസിപ്പാലിറ്റിയിലേക്ക് മാറ്റിയിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ് വെയറിൽ അതനുസിച്ച് മാറ്റങ്ങൾ വരുത്തിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയ ഇവയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യത വിലയിരുത്താൻ സാധിച്ചിട്ടില്ല. വസ്തുനികുതിയുടെ തൻവർഷത്തെയും കുടിശ്ശികയുടേയും രജിസ്റ്ററുകൾ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 2-6 ടെൻഡർ നടപടികളിലെ പൊതു അപാകതകൾ

മത്സരാധിഷ്ഠിത ടെൻഡറുകൾ ലഭ്യമാകുന്നില്ല. ഓരോ പ്രവർത്തിക്കും രണ്ടു ടെൻഡറുകൾ വീതമാണ് ലഭ്യമാകുന്നത്. ടെൻഡറുകൾ സ്വീകരിക്കുന്നതിന് തൊട്ടു മുമ്പുള്ള ദിവസങ്ങളിൽ മാത്രമാണ് ഫോറം വിൽപ്പന നടക്കുന്നത്. ടെൻഡർ ഫോറങ്ങൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ടി അപാകതകൾ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങൽ - പ്രൊജക്ടിലെ അപാകതകൾ

പ്രൊജക്ട് നമ്പർ : 10/17

പ്രൊജക്ട് : 10-ാം തരം വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങൽ

അടങ്കൽ : 1,20,000 ( പദ്ധതി വിഹിതം- SCP)

ചെലവ് : 1,19,600
നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

ബിൽ നമ്പർ 2/16-17 dt 30.12.16 പ്രകാരം 10-ാം തരം വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങൽ എന്ന പ്രൊജക്ട് പ്രകാരം 30 സൈക്കിൾ വാങ്ങിയതിന് 1,19,600 രൂപ കെ.പി.എം. സ്റ്റോർ, ചെർപ്പുളശ്ശേരി

എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. (DD No. 454547/30.12.16) പ്രസ്തുത പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

a)സ.ഉ(പ്രി)നം. 259/2010/എൽ.എസ്.ജി.ഡി തിയതി 8-11-2010 അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം ഒരു ലക്ഷത്തിനു മുകളിലുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ ബാധകമാണ്. പ്രസ്തുത പ്രൊജക്ടിൽ ഓപ്പൺ ടെണ്ടർ നടത്താൻ പരസ്യം കൊടുത്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

b)കെ.പി.എം സ്റ്റോറിൽ നിന്നും സൈക്കിൾ വാങ്ങാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനമെടുത്തതിന്റെ രേഖകൾ ഹാജരാക്കിയില്ല.

c) സൈക്കിൾവിതരണം ചെയ്തതിന് ബന്ധപ്പെട്ട വിദ്യാർത്ഥികളുടെ അക്വിറ്റൻസ് മാത്രമാണ് ഉള്ളത്. സൈക്കിളുകൾ ബന്ധപ്പെട്ട സ്കൂൾ അധികൃതർ മുഖേന വിതരണം നടത്തണം എന്ന നിബന്ധന പാലിച്ചിട്ടില്ല.

കെ.പി.എം. സ്റ്റോറിന്റെ 28.09.15 ലെ ബിൽ നമ്പർ 36 പ്രകാരം താഴെ പറയും പ്രകാരം 30 സൈക്കിളുകളുടെ വിലയായി 1,19,600 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമനമ്പർ | ഇനം | വില | എണ്ണം | ആകെ |
|---|---|---|---|---|
| 1 | സൈക്കിൾ-ബോയ്സ് | 3980 | 20 | 79600 |
| 2 | സൈക്കിൾ-ഗേൾസ് | 4000 | 10 | 40000 |
| | | | ആകെ | 119600 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 2/20.06.17) സൈക്കിളുകൾ 2015-16 വർഷം വിതരണം ചെയതതിന്റെ തുക മാത്രമാണ് 2016-17 ൽ നൽകിയതെന്നാണ് മറുപടി നൽകിയിരിക്കുന്നത്. സൈക്കിളുകൾ വാങ്ങാൻ ടെണ്ടർ വിളിച്ചതിന്റെ രേഖയോ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനമോ സ്കൂളുകൾ വഴി വിതരണം നടത്തിയതിന്റെ രേഖയോ ഓഡിറ്റിന് ഹാജരാക്കിയില്ല. വാങ്ങലുകൾ നടത്തുമ്പോൾ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാത്തതിനാൽ പരമാവധി മത്സരാധിഷ്ഠിത ടെണ്ടറുകൾ ലഭ്യമാകാനുള്ള അവസരം നഷ്ടപ്പെടുകയും ആയത് വഴി പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടാവുകയും ചെയ്തതായി ഓഡിറ്റ് വിലയിരുത്തുന്നു. രേഖകൾ ഹാജരാക്കുന്നതു വരെ ഈയിനത്തിൽ ചെലവഴിച്ച 1,19,600 രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 കന്നുകുട്ടിപരിപാലനം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രൊജക്ട് നമ്പർ : 46/17

പ്രൊജക്ട് : പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി

അടങ്കൽ : 5,62,500 ( പദ്ധതി വിഹിതം-ജനറൽ)

ചെലവ് : 2,50,000

2016-17 വർഷത്തിൽ നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (പ്രൊജക്ട് നം.46/17) പ്രകാരം വികസന ഫണ്ടിൽ നിന്നും ബിൽ നം. 1/25-3-2017 പ്രകാരം 250000 രൂപ പിൻവലിച്ച് അസിസ്റ്റന്റ് ഡയറക്ടർ ഓഫ് കാഫ് ഫീഡിന് നൽകിയിട്ടുണ്ട്. 40 ഗുണഭോക്താക്കളുടെ കന്നുകുട്ടികൾക്ക് ആവശ്യമായ തുകയാണ് നൽകിയിട്ടുള്ളത്. കന്നുകുട്ടികളെ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെയും തീറ്റ നൽകുവാൻ ആരംഭിച്ചിട്ടില്ല. പദ്ധതി പൂർത്തീകരിച്ചതിനുശേഷം വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-3 ഐ.എ.വൈ.വിഹിതം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രൊജക്ട് നമ്പർ : 103/17

പ്രൊജക്ട് : ഐ.എ.വൈ. അധിക വിഹിതം നൽകൽ (2015-16)

അടങ്കൽ : 8,20,000 ( പദ്ധതി വിഹിതം- SCP)

ചെലവ് : 8,20,000
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. സെക്രട്ടറി

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ബിൽ നമ്പർ 1/16-17 dt 30.12.16 പ്രകാരം 8,20,000 രൂപ ഐ.എ.വൈ വിഹിതമായി മണ്ണാർക്കാട് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർക്ക് നൽകിയിട്ടുണ്ട് (ഡി.ഡി.നമ്പർ-454546/30.12.16) ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം ( 2/20.6.17 ) നൽകിയെങ്കിലും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-4 ശാരീരീക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ - ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമാക്കിയില്ല.

പ്രൊജക്ട് നമ്പർ : 116

പ്രൊജക്ട് : ശാരീരീക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

അടങ്കൽ : 9,00,000( പദ്ധതി വിഹിതം)

ചെലവ് : 2,55,600

ശാരീരീക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് എന്ന പ്രൊജക്ടിന് പദ്ധതി വിഹിതത്തിൽ നിന്നും 2016-17 ൽ 2,55,600 രൂപ വകയിരുത്തിയിട്ടുണ്ട്. സർക്കുലർ നമ്പർ 20719/FM 1/2011 ത.സ്വ.ഭ.വ തീയ്യതി 9.5.11പ്രകാരം ഒരു ഗ്രാമപഞ്ചായത്തോ ജില്ലാ പഞ്ചായത്തോ മറ്റ് തലങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം കൂടാതെ സ്വന്തം വിഹിതം മാത്രമുപയോഗിച്ച് നടപ്പാക്കാൻ കഴിയുമെങ്കിലോ അതല്ലെങ്കിൽ രണ്ട് തലങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉപയോഗിച്ച് നടപ്പാക്കാൻ കഴിയുമെങ്കിലോ ആ രീതിയിൽ നടപ്പാക്കാവുന്നതാണ്.

2016-17ൽ ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കിയിരുന്നുവെങ്കിൽ വിദ്യാർത്ഥികൾക്ക് കൂടുതൽ ധനസഹായം ലഭ്യമാകുമായിരുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്. മാർഗ്ഗരേഖയിൽ നിഷ്ക്കർഷിച്ച പ്രകാരമുള്ള തുക ഓരോ ക്ലാസ്സിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-5 അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

തെങ്കര പഞ്ചായത്തിനു കീഴിലുള്ള അങ്കണവാടികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | സൂചകങ്ങൾ | കണ്ടെത്തൽ |
|---|---|---|
| 1 | പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ആകെ അങ്കണവാടികളുടെ എണ്ണം | 22 |
| 2 | അങ്കണവാടികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ജീവനക്കാരുടെ വിവരം | സൂപ്പർവൈസർ-1<br>ആയമാർ -22<br>ഹെൽപ്പർമാർ-22 |
| 3 | കെട്ടിടമില്ലാത്ത അങ്കണവാടികളുടെ എണ്ണം | - |

| | | |
|---|---|---|
| 4 | വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ എണ്ണം | 2 |
| 5 | സൗജന്യമായി ലഭിച്ച കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ എണ്ണം | - |
| 6 | വൈദ്യുതീകരിച്ച അങ്കണവാടികളുടെ എണ്ണം | 15 |
| 7 | വൈദ്യുതീകരിച്ച അങ്കണവാടികളിലുള്ള സൗകര്യങ്ങൾ | ഫാൻ, ലൈറ്റ് |
| 8 | അങ്കണവാടികൾ വൈദ്യുതീകരിക്കാൻ പ്രൊജക്ട് രൂപപ്പെടുത്തിയിട്ടുണ്ടോ? | ഉണ്ട് |
| 9 | സ്വന്തമായി ജലസ്രോതസ്സുള്ള അങ്കണവാടികളുടെ എണ്ണം | 12 |
| 10 | ജലവിതരണ സംവിധാനങ്ങളുണ്ടായിട്ടും ജലം ലഭിക്കാത്ത അങ്കണവാടികളുടെ എണ്ണം. | 10 |
| 11 | ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ് ഉള്ള അങ്കണവാടികളുടെ എണ്ണം | - |
| 12 | ചുറ്റുമതിൽ ഉള്ള അങ്കണവാടികളുടെ എണ്ണം | 17 |
| 13 | ചുറ്റുമതിൽ ഇല്ലാത്തവ | 3 |
| 14 | സ്വന്തമായി സ്ഥലം, കെട്ടിടം ഇല്ലാത്ത അങ്കണവാടികളുടെ എണ്ണം | 1 |
| 15 | കെട്ടിട നിർമാണം നടക്കുന്ന അങ്കണവാടികളുടെ എണ്ണം | - |
| 16 | അങ്കണവാടിക്ക് സ്ഥലം വാങ്ങാൻ പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ടോ? | - |
| 17 | ഭക്ഷ്യധാന്യം സൂക്ഷിക്കാൻ പെട്ടികളുള്ള അങ്കണവാടികളുടെ എണ്ണം | 22 |
| 18 | ഗ്യാസ് കണക്ഷൻ ഉള്ള അങ്കണവാടികളുടെ എണ്ണം | 22 |
| 19 | കളിപ്പാട്ടങ്ങൾ ഉള്ള അങ്കണവാടികളുടെ എണ്ണം | 22 |
| 20 | വെൽഫെയർ കമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ടോ? | ഉണ്ട് |
| 21 | ഭക്ഷ്യവസ്തുക്കൾ എവിടെ നിന്നും വാങ്ങുന്നു? | മാവേലി സ്റ്റോർ |

സ.ഉ. നം. 54345 ഡി.എ 1/2010 ത.സ്വ.ഭ.വ തീ. 2.9.2010 പ്രകാരം കേന്ദ്ര സഹായത്തിലെ ചെലവഴിക്കാത്ത തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളികോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് പാത്രങ്ങൾ/ സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുൻഗണന

നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഈയിനത്തിൽ കേന്ദ്ര വിഹിതമായി 6,31,097 രൂപ അവശേഷിക്കുന്നുണ്ട്. ആയതിനാൽ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത അങ്കണവാടികളിൽ അവ ഏർപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതം - ലാബ് റിപ്പോർട്ട്

തെങ്കര ഗ്രാമ പഞ്ചായത്തിൽ അങ്കണവാടികൾ മുഖേനയുള്ള പോഷകാഹാരത്തിന്റെ ഭാഗമായി അങ്കണവാടികൾക്ക് ലഭ്യമാകുന്ന ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകൾ ഓഡിറ്റ് കാലയളവിൽ വർഷത്തിൽ 2 തവണ മാത്രമേ ചെന്നൈയിൽ സ്ഥിതി ചെയ്യുന്ന ലാബിലേക്ക് അയച്ച് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളൂ. സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 1.2.2010,18.12.2010, എന്നീ തിയ്യതികളിലൂടെയുള്ള ICDS.ബി.3-312/2010 നമ്പർ കത്തുകൾ പ്രകാരം ശിശുവികസന/ പ്രോഗ്രാം ഓഫീസർമാർ ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്നുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് ലാബ് റിപ്പോർട്ടെങ്കിൽ പ്രസ്തുത ബാച്ചിൽ ഉൾപ്പെട്ട ഭക്ഷ്യ മിശ്രിതത്തിന്റെ വില, ആയവ വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ രണ്ട് മാസത്തിലൊരിക്കൽ വീതം ലാബ് റിപ്പോർട്ട് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 തെരുവ് വിളക്കുകളുടെ പരിപാലനം

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ 21.06.2017 ലെ കത്ത് നം. BB/KSEB/MKD/2017-18 പ്രകാരം തെങ്കര ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകളുടെ തരം തിരിച്ച കണക്ക് താഴെ കൊടുക്കുന്നു.

| ക്രമ നം. | വിളക്കിന്റെ തരം | എണ്ണം | നിരക്ക് | വൈദ്യുതിചാർജ് |
|---|---|---|---|---|
| 1. | ഫ്ലൂറസെന്റ് ട്യൂബ് 2x40W | 422 | 134/- | 56548/- |
| 2. | ഓർഡിനറി ബൾബ് 60W | 235 | 102/- | 23970/- |
| 3. | ഓട്ടോമാറ്റിക് സി.എഫ്.എൽ 2x11W | 487 | 32/- | 15584/- |
| 4. | സോഡിയം വേപ്പർ ലാമ്പ് 250W | 34 | 447/- | 15198/- |
| 5. | ഓട്ടോമാറ്റിക് സി.എഫ്.എൽ 72W | 38 | 105/- | 3990/- |
| ആകെ | | | | 115290/- |

2017 ഏപ്രിൽ മുതൽ 115290/- രൂപയാണ് പ്രതിമാസ വൈദ്യുതി ചാർജ് നിലവിൽ 235 ഓർഡിനറി ബൾബിന്റെ (60W) വൈദ്യുതി ചാർജ് പ്രതിമാസം 23970/-രൂപ അടവാക്കുന്നുണ്ട്.

ഓഡിറ്റ് നിർദ്ദേശം താഴെ കൊടുക്കുന്നു.

1. സംയുക്ത പരിശോധന നടത്തി നിലവിലുള്ള തെരുവ് വിളക്കുകളുടെ തരം തിരിച്ച കണക്ക് എടുത്ത് അടവാക്കുന്ന വൈദ്യുതിചാർജിന്റെ കൃത്യത ഉറപ്പു വരുത്തേണ്ടതാണ്.
2. മീറ്റർ സംവിധാനം ഏർപ്പെടുത്തി ആയതിന്റെ അടിസ്ഥാനത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് കണക്കാക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. ഗ്രാമപഞ്ചായത്ത് പരിധിയിൽ 235 ഓർഡിനറി ബൾബുകൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തി പ്രവർത്തിക്കുന്നില്ലെങ്കിൽ വൈദ്യുതി ചാർജ് കുറക്കേണ്ടതാണ്.
4. നിലവിൽ ഓർഡിനറി ബൾബ് പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവ മാറ്റി പകരം ഓട്ടോമാറ്റിക് സി.എഫ്.എൽ സ്ഥാപിച്ച് വൈദ്യുതി ചാർജ് കുറക്കാവുന്നതാണ്.
5. പഞ്ചായത്തിന്റെ പരിധിയിലായിരുന്ന രണ്ടു വാർഡുകൾ മണ്ണാർക്കാട് നഗരസഭയിലേക്ക് മാറ്റിയിട്ടുണ്ട്, എന്നാൽ ആ രണ്ടു വാർഡിലെയും വൈദ്യുതി ചാർജ് നിലവിൽ പഞ്ചായത്തു തന്നെയാണ് അടയ്ക്കുന്നത്. മേൽപ്പറഞ്ഞ രണ്ട് വാർഡുകളിലെ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ്, കെ.എസ്.ഇ.ബി-യുമായി ബന്ധപ്പെട്ട് മണ്ണാർക്കാട് നഗരസഭയിലേക്ക് മാറ്റേണ്ടതാണ്.

## 3-8 ക്രൂസിൽ നിന്നും വാങ്ങിയ തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന്റെ രേഖകൾ ഇല്ല.

| | |
|---|---|
| പദ്ധതി | തെരുവ് വിളക്ക് സ്ഥാപിക്കൽ (124/17) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് | 251646/- (പ്ലാൻ ഫണ്ട് - 250000/- + തനത് ഫണ്ട് - 1646/-) |
| ട്രഷറി ബിൽ നം. | 8/25.10.2016 |
| വൗച്ചർ നം. | 21600474/1.11.2016 |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ തെരുവ് വിളക്ക് സ്ഥാപിക്കൽ (124/17) പദ്ധതിക്കായി ക്രൂസിന്റെ ഇൻവോയ്സ് നം . 109/16-17/5.10.2016 പ്രകാരം 138 ഓട്ടോമാറ്റിക് സി.എഫ്.എൽ(2x11 W) , ഇൻസ്റ്റാലേഷൻ ചാർജ് എന്നിവക്കായി 206709/-രൂപയും, ഇൻവോയ്സ് നം.104/16-17/20.9.2016 പ്രകാരം 30 ഓട്ടോമാറ്റിക് സി.എഫ്.എൽ(2x11 W) , ഇൻസ്റ്റാലേഷൻ ചാർജ് എന്നിവക്കായി 44937/- രൂപയും ക്രൂസിനു നൽകിയിട്ടുണ്ട്. ആകെ 251646/- രൂപ.

പദ്ധതി നടത്തിപ്പിലെ പ്രധാന അപാകതകൾ താഴെ കൊടുക്കുന്നു.

1. ഇൻവോയ്സ് പ്രകാരമുള്ള 168 ഓട്ടോമാറ്റിക് സി.എഫ്.എൽ(2x11 W) സ്റ്റോക്കിലെടുത്തിട്ടില്ല.
2. ഓട്ടോമാറ്റിക് സി.എഫ്.എൽ സ്ഥാപിച്ചതിന്റെ രേഖകൾ ഇല്ല. കെ.എസ്.ഇ.ബി.യിൽ നിന്നും മോണിറ്ററിംഗ് സമിതി അംഗങ്ങളിൽ നിന്നുമുള്ള സാക്ഷ്യപ്പെടുത്തലുകൾ ഇല്ല.

മേല്പറഞ്ഞ കാര്യങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.10/24.06.2017 നൽകിയിട്ടുണ്ട്. മറുപടി ലഭ്യമായിട്ടില്ല. ആയതിനാൽ ചെലവ് തുക 251646/- രൂ. തടസ്സത്തിൽ വെയ്ക്കുന്നു.

## 3-9 പൊതുടാപ്പുകളുടെ വെള്ളക്കരം

വാട്ടർ അതോറിറ്റിയുടെ 110 പൊതു ടാപ്പുകൾക്ക് പഞ്ചായത്ത് വാട്ടർ ചാർജ് അടയ്ക്കുന്നുണ്ട്. പ്രതിമാസം 48125/- രൂപ പ്രകാരം ഒരു വർഷം 577500/- രൂപ ഈ ഇനത്തിൽ ചെലവ് വരുന്നുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള പൊതു ടാപ്പുകൾ ഒഴിവാക്കി ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് ഈയിനത്തിലുള്ള ചെലവ് കുറക്കാവുന്നതാണ്.

## 3-10 പദ്ധതി അംഗീകാരം വാങ്ങാതെ തനത് ഫണ്ട് ചെലവഴിച്ചു.

എം.ജി.എൻ.ആർ.ഇ.ജി.എസ് ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങിയ വകയിൽ 57900/- രൂപ (വൗച്ചർ നം. 21600902/31.3.2017, DD No.979305/31.3.2017) കെൽട്രോണിന് നൽകിയിട്ടുണ്ട്. തനത് ഫണ്ടിൽ നിന്നുമുള്ള ടി ചെലവ് പദ്ധതി വച്ച് അംഗീകാരം ലഭ്യമാക്കാതെയാണ് ചെയ്തിരിക്കുന്നത്. ഓഡിറ്റ് അന്വേഷണം നം. 10/24.6.17 നൽകിയിട്ടുണ്ട്.

## 3-11 കാളക്കാട് അങ്കണവാടി കുടിവെള്ളം ലഭ്യമാകുന്നതിന് അധികം തുക ചെലവഴിച്ചത്

കാളക്കാട് അങ്കണവാടിയിലെ കുട്ടികൾക്ക് കുടിവെള്ളം ലഭ്യമാകുന്നതിന് വേണ്ടി സേവന മേഖലയിൽ പൊതു വിഭാഗത്തിൽ ഉൾപ്പെടുത്തി so 30/17 നമ്പറായി നടപ്പാക്കിയ പ്രോജക്റ്റിന് ഇരട്ടിയിലേറെ തുക ചെലവഴിച്ചിട്ടുണ്ട്. മെയ്ന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് 240000/-രൂപ അടങ്കൽ വകയിരുത്തി അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ ടി പദ്ധതിക്ക് 201779/-രൂപ ചെലവഴിച്ചത് യുക്തിസഹമല്ല. ആറര ഇഞ്ച് കുഴൽക്കിണറും രണ്ട് എച്ച്പി മോട്ടോറും, 2000 ലിറ്ററിന്റെ ടാങ്കും കൂടാതെ ഒരു പ്രീക്കാസ്റ്റ് പമ്പ് ഹൗസും കൂടി ഇതിൽ സ്ഥാപിച്ചിട്ടുണ്ട്. ഒരു അങ്കണവാടിക്ക് കുടിവെള്ളത്തിന് വേണ്ടി ഇത്രയേറെ ഇനം പ്രവർത്തികൾ ആവശ്യമില്ല. പദ്ധതി തുക ചെലവഴിക്കുന്നതിൽ മിതത്വം എന്ന പൊതുതത്ത്വം പാലിക്കേണ്ടതുണ്ട്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നം. | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 271650 | സമൃദ്ധി നെൽക്കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി 42/2016-17 | 130650 | 141000 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഒന്നുമില്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഒന്നുമില്ല

## 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | EMS Loan | -- | 15096000 | 5211500 | 682700 | -- | 4528800 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 2750/-രൂപ ഈടാക്കിയിട്ടുണ്ട്

| വർഷം | തുക | രസീത് നം./തിയ്യതി |
|---|---|---|
| 2012-13 | 2500/- | 11601500007/8.11.16 |
| 2012-13 | 250/- | 11601102082/16.11.16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഒന്നുമില്ല

# 4-8 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 45788142 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 43227494 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഒന്നുമില്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 371246/- രൂപ |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻറെ വിവരം**

ഒന്നുമില്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1,19,600/- | അസി.സെക്രട്ടറി |
| 3-8 | 2,51646/- | സെക്രട്ടറി |

**സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻറെ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഒന്നുമില്ല

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

-ഇല്ല-

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഒന്നുമില്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 2005-06 | എൽ.എഫ്.പി.9/1419/08 തിയതി 18-08-05 | ഫർദർ റിമാർക്സ് |
| 2006-07 | എൽ.എഫ്.പി.9/217/11തിയതി 18-03-10 | ഫർദർ റിമാർക്സ |
| 2007-08 | എൽ.എഫ്.പി.9/923/10തിയതി 25-09-2010 | ഫർദർ റിമാർക്സ് |
| 2008-09 | എൽ.എഫ്.പി.9/1572/12തിയതി 25-06-13 | ഫർദർ റിമാർക്സ് |
| 2009-10 | എൽ.എഫ്.പി.9/1572/12തിയതി 25-06-13 | ഫർദർ റിമാർക്സ് |
| 2010-11 | എൽ.എഫ്.പി.9/1572/12തിയതി 25-06-13 | ഫർദർ റിമാർക്സ |
| 2011-12 | എൽ.എഫ്.പി.9/307/14തിയതി 18-03-14 | ഫർദർ റിമാർക്സ് |
| 2012-13 | എൽ.എഫ്.പി.22-836/15 തിയതി 6-10-15 | ഓഡിറ്റ് റിപ്പോർട്ട് മുഴുവൻ |
| 2013-14 &2014-15 | കെ.എസ്.എ. പി. കെ.ഡി. 9/1227/16 തീയ്യതി 2-8-2016 | ഓഡിറ്റ് റിപ്പോർട്ട് മുഴുവൻ |
| 2015-16 | കെ എസ് എ.പി കെ ഡി-9/2300/16തിയ്യതി 30.12.16 | ഓഡിറ്റ് റിപ്പോർട്ട് മുഴുവൻ |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പാലക്കാട്**

## അനുബന്ധം 1
## അക്കൗണ്ട് സർട്ടിഫിക്കേഷൻ

നം. കെ.എസ്.എ-പികെഡി9/1714/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

തിയതി -01-11-2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ തെങ്കര ഗ്രാമപഞ്ചായത്തിന്റെ

2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷ്യപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തെങ്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**<u>അപാകതകളുടെ സംക്ഷിപ്തം</u>**

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യം യഥാർത്ഥ ആസ്തിമൂല്യവുമായി പൊരുത്തപ്പെടുന്നില്ല.
2. വാർഷിക ധനകാര്യപത്രികയിലെ വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA-PKD9/1714/2017

Kerala State Audit Department

District Audit Office

Palakkad

Date –01-11-2017

**<u>Audit Certificate</u>**

Certified that I have audited the Annual Financial Statement of Thenkara Gramapanchayat in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Thenkara Gramapanchayat for the year 2016-17 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

**<u>Abstract of Defects</u>**

1. Asset values not updated and linked with Sankhya. Hence Balance sheet does not reflects actual value of assets.
2. Property tax Arrear and current demand, Collection, Balance amounts shown in AFS not in agreement with data prepared by Sanchaya Software.

Deputy Director